# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5393 — 04.07.2013-ൽ മറുപടിയ്ക്ക്

## ബ്ലഡ് ട്രാൻസ്ഫ്യൂഷൻ രംഗത്തെ സുരക്ഷാ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും എത്ര ബ്ലഡ്ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം സ്ഥാപനങ്ങളിൽ; | (എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ 25 ബ്ലഡ് ബാങ്കുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 5 ബ്ലഡ് ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ബ്ലഡ് ബാങ്കുകളിൽ ശേഖരിക്കുന്ന രക്തം രോഗാണുമുക്തമാണെന്ന് പരിശോധിച്ചുറപ്പിക്കാൻ എന്തെല്ലാം ശാസ്ത്രീയ നിരീക്ഷണപ്രക്രിയകളാണ് നടത്തേണ്ടത്; | (ബി) ദാതാവിൽ നിന്നും നിയമാനുസൃതമായി സ്റ്റെറിലൈസ്ഡ് പിവിസി ബാഗുകളിൽ ശേഖരിക്കുന്ന രക്തത്തിൽ HIV (ELISA TEST), HBAg, HCV.VDRL, Malaria parasites എന്നീ രോഗങ്ങൾ പരിശോധിച്ച് ഇല്ലെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ അവ രോഗാണുവിമുക്തമാണെന്ന് blood sterility testing വഴി ഉറപ്പാക്കുകയും ചെയ്യുന്നുണ്ട് |
| സി) | ഓരോ ദാതാക്കളുടെയും ബ്ലഡ് സാമ്പിൾ ഇത്തരം നിരീക്ഷണങ്ങൾക്കു വിധേയമാക്കിയാണ് രക്തം ശേഖരിച്ചത് എന്ന് ഉറപ്പുവരുത്തുവാനുള്ള ചുമതല ആരിലാണു നിക്ഷിപ്തമായിരിക്കുന്നത്; | (സി) പ്രസ്തുത ചുമതല ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തുടങ്ങിയവരിൽ നിക്ഷിപ്തമാണ്. |
| ഡി) | ദാതാക്കളിൽ നിന്നും സ്വീകരിച്ചു സൂക്ഷിച്ച രക്തം എച്ച്. ഐ.വി. പോസിറ്റീവ് ആവുകയും പ്രസ്തുത രക്തം ബ്ലഡ് ബാങ്കിൽ നിന്നും വിതരണം നടത്തുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായതു സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; | (ഡി) അന്വേഷണം നടത്തിയിട്ടുണ്ട്. എച്ച്.ഐ.വി. പോസിറ്റീവായുള്ള രക്തം രക്ത ബാങ്കിൽ നിന്നും നൽകിയതായി റിപ്പോർട്ടില്ല. മാനന്തവാടിയിലുള്ള 8 വയസ്സുകാരിയായ തലാസീമിയ ബാധിതയായ പെൺകുട്ടിക്ക് എച്ച്.ഐ.വി. അണുബാധയുണ്ടായതായി റിപ്പോർട്ടുണ്ട്. എന്നാൽ രക്തം സ്വീകരിച്ചതിലൂടെയാണ് എച്ച്.ഐ.വി. ബാധിച്ചതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അനേകം പ്രാവശ്യം രക്തം സ്വീകരിക്കുകയും വിവിധ പരിശോധനകൾക്കായി അനവധി തവണ സൂചി ഉപയോഗിക്കുകയും ചെയ്യതിനാൽ രക്തം നൽകിയ സ്ഥാപനങ്ങളും രക്തം നൽകിയ രോഗികളെയും പരിശോധിച്ച് ആർക്കും എച്ച്.ഐ.വി. കണ്ടെത്താൻ കഴിയാത്തതിനാൽ രക്തം |

| | | |
|---|---|---|
| | | സ്വീകരിച്ചതുമൂലമാണ് എച്ച്.ഐ.വി. ബാധിച്ചത് എന്ന് സ്ഥിരീകരിച്ചിട്ടില്ല ജാലകവേളയിലുള്ള രക്തം സ്വീകരിച്ചതുമൂലമാകാം എച്ച്.ഐ.വി. ഉണ്ടായത്. |
| (ഇ ) | അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (ഇ) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | ഏത് ബ്ലഡ് ബാങ്കിൽ നിന്നാണ് എച്ച്. ഐ.വി . പോസിറ്റീവായ രക്തം സ്വീകർത്താവിനു നൽകിയതെന്നും സ്വീകർത്താവ് ആരായിരുന്നുവെന്നും എത്ര വയസ്സുള്ള ആളാണെന്നും വ്യക്തമാക്കുമോ ; | (എഫ്), (ജി) & (എച്ച്) രക്തം സ്വീകരിച്ചത് വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള 8 വയസ്സുകാരി കുട്ടിയാണ്. ഈ കുട്ടി മാനന്തവാടി ജില്ലാ ആശുപത്രിയിലെയും കോഴിക്കോട് മെഡിക്കൽ കോളേജിലെയും രക്ത ബാങ്കുകളിൽ നിന്നും പല തവണ രക്തം സ്വീകരിച്ചതായി കണ്ടെത്തിയിട്ടുണ്ട്. രക്തം നൽകിയിട്ടുള്ള രക്ത യൂണിറ്റുകളെല്ലാം നിയമപരമായ എല്ലാ പരിശോധനകൾക്കും ശേഷമാണ് നൽകിയിട്ടുള്ളതെന്ന് രക്തബാങ്ക് രേഖകൾ വ്യക്തമാക്കുന്നു.<br>എച്ച്.ഐ.വി. പോസിറ്റീവ് എന്നു കണ്ടുപിടിക്കപ്പെട്ട രക്തം ആർക്കും കൊടുക്കാറില്ല. |
| (ജി ) | പ്രസ്തുത രക്തം നൽകിയവർക്കതിരെ എന്തു നടപടിയാണു സ്വീകരിച്ചത് ; | |
| (എച്ച് ) | എച്ച്.ഐ.വി. പോസിറ്റീവ് രക്തം സ്വീകർത്താവിനു നൽകി മാരകമായ എയിഡ്സ് രോഗത്തിലേക്കു തള്ളിവിട്ടതിന് എന്ത് ന്യായീകരണമാണ് നൽകാനുള്ളത് ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**